LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ മദ്യനിരോധന നയം

113 (114) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മദ്യനിരോധനം എന്ന നയം ഈ സർക്കാരിനുണ്ടോ; എങ്കിൽ ആ നയം നടപ്പിൽ വരുത്താൻ ലഭിച്ച സാധ്യതകൾ എല്ലാം പ്രയോജനപ്പെടുത്തുകയുണ്ടായോ; വിശദമാക്കാമോ ;

(ബി) യു.ഡി.എഫ്. ജനങ്ങൾക്ക് നല്കിയ ഉറപ്പിനനുസൃതമായിട്ടാണോ സർക്കാർ നിലപാട് സ്വീകരിച്ചിട്ടുള്ളത്; അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) സമ്പൂർണ്ണ മദ്യനിരോധനം സംബന്ധിച്ച യു.ഡി.എഫ്. നിലപാടും സർക്കാർ നിലപാടും വ്യത്യസ്തമാണോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടം ഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. I ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ മദ്യനിരോധനവും, മദ്യനയവും

114 (115) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) മദ്യവർജ്ജനം, ബോധവത്കരണം തുടങ്ങിയവയിലൂടെ സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ബിവറേജസ് കോർപ്പറേഷൻ എന്നിവയുടെ കീഴിൽ എത്ര മദ്യവില്പനശാലകളും ബാർ ഹോട്ടലുകളും ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട് ;

(ഡി) സംസ്ഥാനത്ത് ഒരു പുതിയ മദ്യനയം പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ. 1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ 41-ഉം ബിവറേജസ് കോർപ്പറേഷന്റെ 304 എഫ്.എൽ. 1 ഷോപ്പുകളും, 312 സ്വകാര്യ ബാറുകളും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇല്ല.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

115 (116) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ, കോളേജുകളിൽ എത്ര ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly